


# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 2 • ISSUE : 7 JULY 2008


## എഡിറ്റോറിയൽ

### ചെറിയ വീഴ്ച

ജീവിതത്തിലെ ചെറിയ വീഴ്ചകളെക്കുറിച്ച് ചിന്തിക്കണം. ബഹുമാനവും സൽപ്പേരും ഉണ്ടാകുന്നത് വളരെനാളത്തെ ജീവിതം കൊണ്ടാണ്. അതു നശിക്കുവാൻ ഏതാനും നിമിഷത്തെ പ്രവൃത്തി മതിയാകും. എത്രവലിയ ജലസംഭരണിയായാലും ചോർച്ചയുണ്ടെങ്കിൽ വെള്ളം നിൽക്കയില്ലല്ലോ. ജീവിതത്തിലെ ചെറിയ പിഴവുകൾ ജീവിതം നശിപ്പിക്കുന്നത് ഇതുപോലെയാണ്.

ആദവും ഹവ്വയും ഒരു തെറ്റിന്റെ ഫലമായി പറുദീസ നഷ്ടപ്പെടുത്തി (സംഖ്യ 27:12 – 14). സീൻ മരുഭൂമിയിൽ ജലദൗർലഭ്യമുണ്ടായപ്പോൾ ദൈവനിർദ്ദേശപ്രകാരം മോശ വടിയുമായി പാറയുടെ അരികിൽ പോയി. മോശ ജനത്തോട് ഞങ്ങൾ നിങ്ങൾക്കു വേണ്ടി വെള്ളം പുറപ്പെടുവിക്കണമോ എന്നു ചോദിച്ചുകൊണ്ടാണ് പാറയെ അടിച്ചു വെള്ളം പുറപ്പെടുവിച്ചത്. അത്ഭുതം പ്രവർത്തിക്കുന്നത് താൻ തന്നെയെന്നു മോശ ചിന്തിച്ച് അഹങ്കരിച്ചതുകൊണ്ടാണ് കനാൻ നാട്ടിൽ പ്രവേശിക്കുവാൻ മോശയ്ക്കു കഴിയാതെ പോയത്.

യൂദായുടെ ഒരു തെറ്റാണ് മനുഷ്യപുത്രനെ ക്രൂശിൽ തറക്കാൻ കാരണം. അനേക വർഷങ്ങൾക്കുമുമ്പ് അയർലണ്ടിന്റെ തീരത്തിനടുത്ത് ഒരു നാവിക കപ്പൽ മുങ്ങിയപ്പോൾ നാവിക ലോകം പരിഭ്രമിച്ചു. അതിന്റെ കപ്പിത്താൻ വളരെ പരിചയസമ്പന്നനായിരുന്നു. എന്നിട്ടും ഇതെങ്ങനെ സംഭവിച്ചെന്നായിരുന്നു എല്ലാവരുടെയും ചിന്ത. അപകടകാരണം കണ്ടുപിടിക്കാനായി മുങ്ങൽവിദഗ്ദ്ധർ കടലിനടിയിൽ ശേഖരിച്ച അവശിഷ്ടങ്ങളുടെ കൂട്ടത്തിൽ കപ്പലിന്റെ വടക്കുനോക്കിയന്ത്രവുമുണ്ടായിരുന്നു. അതു തുറന്നു പരിശോധിച്ചപ്പോൾ അതിനുള്ളിൽ അതു നന്നാക്കിയ ആൾ ശ്രദ്ധിക്കാതെ പോയ ഒരു ചെറിയ ഇരുമ്പു ബ്ലേഡിന്റെ കഷണം കണ്ടു. ഈ ചെറിയ അശ്രദ്ധയായിരുന്നു വടക്കുനോക്കി യന്ത്രം തെറ്റായി പ്രവർത്തിക്കുവാനും കപ്പലിന്റെ ദിശ തെറ്റാനും കപ്പൽ പാറക്കൂട്ടത്തിലിടിച്ച് മുങ്ങാനും ഇടയാക്കിയത്.

മേൽവിവരിച്ച സംഭവം ക്രിസ്തീയ ജീവിതത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്ന പാഠമാണു നൽകുന്നത്. നമ്മുടെ ചെറിയ വീഴ്ചകളും, പാപങ്ങളും സാരമില്ല എന്നു ചിന്തിക്കുമ്പോൾ അതു വലിയ പാപങ്ങൾക്കുള്ള വഴിമരുന്നാകും. അതുകൊണ്ട് ചെറിയ കാര്യങ്ങൾപോലും നമ്മുടെ വിശുദ്ധ ജീവിതത്തെ കളങ്കപ്പെടുത്തുവാൻ അനുവദിക്കരുത്.

കൊരിന്തുസഭയിൽ പൗലോസിന് നേരിടേണ്ടിവന്ന തിക്താനുഭവങ്ങൾക്കുവേണ്ട നിർദ്ദേശങ്ങൾ നൽകിയശേഷം (1 കൊരി 5) പാപത്തിന്റെ അനന്തരഫലത്തെക്കുറിച്ച് ജനത്തിന് മുന്നറിയിപ്പു കൊടുക്കുന്നു. അസാരം പുളിമാവ് പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നു എന്ന് അറിയുന്നില്ലയോ? (1 കൊരി 5:6). ഏതു ചെറിയ പാപവും വിശ്വാസികൾക്കും, സഭയ്ക്കും ദോഷകരമായി തീരാവുന്നതാണ്.

പ്രസിദ്ധ ശാസ്ത്രജ്ഞനായ എഡിസൻ നടത്തിയ ആയിരത്തിലധികം പരീക്ഷണങ്ങൾ പരാജയപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ സ്നേഹിതൻ അദ്ദേഹത്തോടിങ്ങനെ ചോദിച്ചു. ഇനിയെങ്കിലും നിങ്ങൾക്കിതു നിർത്തിക്കൂടേ? അദ്ദേഹത്തിന്റെ ഉത്തരമിങ്ങനെയായിരുന്നു. ഞാൻ ആ പരീക്ഷണങ്ങളിൽ തോറ്റിട്ടില്ല. അത്രയും വിധത്തിൽകൂടെ ഞാൻ ചിന്തിക്കരുതെന്ന് അവ എന്നെ പഠിപ്പിക്കുകയായിരുന്നു. നമ്മുടെ വീഴ്ചകളിൽ നിന്ന് നാം പാഠം പഠിക്കയാണു വേണ്ടത്.

# പരിശുദ്ധ കന്യകമറിയം വിശുദ്ധിയുടെ ഉറവിടം


ഫാ. സൈമൺ ജോസഫ്


പൗരസ്ത്യ സഭകളിൽ വി. ദൈവമാതാവിന്റെ സ്ഥാനം വളരെ വലുതാണ്. ശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും നാഥയായി വി. മാതാവിനെ വാഴ്ത്തുന്നു. എന്നാൽ റോമൻ കത്തോലിക്കാ സഭയുടെ അമലോൽഭവവാദം അതായത്, മാതാവ് ജന്മനാ വിശുദ്ധയാണെന്നാ, അതുപെലെതന്നെ, നൂറ്റാണ്ടിന്റെ പഠിപ്പിക്കലായ കൊ-റെഡീമർ അതായത് സഹരക്ഷകാ എന്ന പഠിപ്പിക്കലും, ക്രിസ്തുരക്ഷാശാസ്ത്രത്തിന് എതിരാണ്. ലോകമാതാവ് എന്ന നാമം ദൈവമാതാവിന് നൽകുന്നതിൽ തെറ്റില്ല. സർവ്വലോകരക്ഷകനായ യേശുവിനെ ലോകത്തിന് പ്രദാനം ചെയ്ത മാതാവ് ജഗത്തിന്റെ മാതാവ് ആണ്.

ആരാണ് വിശുദ്ധന്മാർ, ദൈവഹിതത്താൽ ഒരു മാതാവിലും, പിതാവിലും ജനിച്ച് ഈ ലോകത്തിൽ ജീവിക്കുകയും, ദൈവവിളിയെ തിരിച്ചറിഞ്ഞ് സ്വയം ദൈവത്തിനായി സമർപ്പിക്കുകയും അവന്റെ കൽപനകളെ പാലിച്ച് ദൈവ ഇഷ്ടന്മാരായി തീർന്നവരാണ് വിശുദ്ധന്മാർ. ഇത് ഓരോ വിശ്വാസിക്കും സാധിക്കുന്നതാണ്. സമ്പൂർണ്ണമായ ദൈവവിശ്വാസവും, സമർപ്പണം, പ്രാർത്ഥന, നന്മനിറഞ്ഞ ജീവിതം, ഇവ വേണമെന്ന് മാത്രം. പരിശുദ്ധത എന്നത് ദൈവസ്വഭാവത്തിൽ ഉള്ള പങ്കുചേരലാണ്. പരിശുദ്ധ ദൈവമാതാവിന്റെ വിശുദ്ധിയുടെ അടിസ്ഥാനം ദൈവസ്വഭാവത്തോടുള്ള പങ്കുചേരലാണ്. ദൈവമാതാവിന്റെ ജീവിതം പരിശോധിക്കുമ്പോൾ ഇത് നമുക്കു കാണാം.

#### ദൈവവിളിയോടുള്ള അനുകൂലമായ പ്രതികരണം

മറിയം എന്ന ബാലിക, ചെറുപ്പം മുതൽതന്നെ ദേവാലയവും പരിസരവുമായി ചേർന്ന് ജീവിക്കുകയും ദൈവത്തെ പൂർണ്ണമായി ആശ്രയിക്കുകയും ചെയ്തപ്പോൾ ദൈവം അവളെ വിളിച്ച് വേർതിരിക്കുന്നു. വി. ദൈവമാതാവിന്റെ മതഭക്തി പ്രകീർത്തിക്കപ്പെടേണ്ടതാണ്. എന്നാൽ ദൈവബന്ധത്തിൽ ദൈവം വെളിപ്പെടുത്തിയ ദൗത്യത്തോടുള്ള അനുകൂലമായ പ്രതികരണം വളരെ ശ്രദ്ധേയമാണ്. ഇതാ ഞാൻ കർത്താവിന്റെ ദാസി. നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ. ഈ പ്രതികരണമാണ് വി. ദൈവമാതാവിനെ മഹത്വത്തിന് യോഗ്യതയുള്ളവളാക്കിയത്. നാം ഓരോരുത്തരും ദേവാലയവും ആരാധനയുമായി അടുത്തു നിൽക്കുന്നവരാണെങ്കിലും ദൈവിക ദൗത്യം ഏറ്റെടുക്കുന്നവരാണോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

#### ദൈവത്തിന്റെ എളിമയിലുള്ള പങ്കുചേരൽ

ഇതാ ഞാൻ കർത്താവിന്റെ ദാസി. ദാസി-ദാസ ഭാവം ദൈവ മക്കളെ സംബന്ധിച്ചിടത്തോളം ഒരു അടിമത്തം അല്ല. പിന്നെയോ, ദൈവസ്വഭാവത്തോടുള്ള പങ്കുചേരലാണ്. എന്താണ് ദൈവസ്വഭാവം. വിനയഭാവമാണ് ദൈവസ്വഭാവം. പിതാവാം ദൈവത്തോടുള്ള മഹത്വം മുറുകെപ്പിടിക്കാതെ തന്നെത്താൻ താഴ്ത്തി മനുഷ്യനായി ഭൂമിയിൽ ഭൂജാതനായി. താഴ്മ, എളിമ എന്നീ സ്വഭാവവിശേഷങ്ങൾ കാര്യസാധ്യവും, ആത്മപ്രശംസയും ലക്ഷ്യമാക്കി അനേകർ എടുത്തണിയും. എന്നാൽ ദൈവവകയാകുന്നവന്റെ സ്വാഭാവിക പ്രതികരണവും, സ്വഭാവവിശേഷവും ആണ് വിനയം. ഇത് ദൈവമാതാവിൽ നമുക്ക് കാണാം. ഇനി ജീവിക്കുന്നത് ഞാനല്ല, എന്നിൽ ജീവിക്കുന്നത് ക്രിസ്തുവത്രേ എന്ന പരിശുദ്ധ പൗലോസ് ശ്ലീഹായുടെ പ്രഖ്യാപനം ശ്രദ്ധേയമാണ്. ഇല്ലാത്തത് ഉണ്ടെന്ന് ഭാവിക്കുന്ന, ഇല്ലാത്തത് എല്ലാം നേടിയെടുക്കാൻ വെമ്പൽകൊള്ളുന്ന ആധുനിക ലോകത്തിൽ പൊക്കമില്ലാത്തതാണെന്റെ പൊക്കം എന്ന് ധൈര്യപൂർവ്വം പറഞ്ഞ കുഞ്ഞുണ്ണിമാഷ് വ്യത്യസ്തനായി നിലകൊള്ളുന്നു.

#### ദൈവസ്നേഹത്തിലുള്ള പങ്കുചേരൽ

വാർദ്ധക്യത്തിൽ ഗർഭം ധരിച്ച ചാർച്ചക്കാരിയായ എലിസബേത്തിനെ കാണാനായി പോകുന്ന വി. മാതാവിൽ നാം കാണുന്നത്, സ്നേഹത്തിന്റെ കരുതലിന്റെ ഭാവമാണ്. കാനാവിലെ കല്യാണവീട്ടിലെ കുറവ് പരിഹരിക്കാനുള്ള വി. മാതാവിന്റെ പരിശ്രമം വെളിവാക്കുന്നതും ഇതുതന്നെ.

ദൈവത്തോടുള്ള അചഞ്ചലമായ വിശ്വാസവും, സ്നേഹവുമാണ് എല്ലാ കഷ്ടതകളും സഹിക്കുവാൻ വി. മാതാവിനെ പ്രാപ്തയാക്കിയത്. വ്യക്തികൾ തമ്മിലും, ഭവനങ്ങൾ തമ്മിലും അറിവിന്റെ, കഴിവിന്റെ, ധനത്തിന്റെ, സ്ഥാനമാനങ്ങളുടെ തലത്തിൽ, വേർതിരിവുകൾ നിലനിൽക്കുന്ന ഈ കാലഘട്ടത്തിൽ പരസ്പരം സ്നേഹിക്കുവാനും, കരുതുവാനും നമുക്ക് പരിശീലിക്കാം. അതിലൂടെ ദൈവസ്നേഹത്തിലൂടെയുള്ള പങ്കുചേരൽ സാധ്യമായി തീരും. പ്രാർത്ഥനയും, ആരാധനയും, ദൈവസാന്നിദ്ധ്യം തിരിച്ചറിയുവാൻ നമ്മെ സഹായിക്കും. എന്നാൽ ദൈവസ്നേഹത്തെ എങ്ങനെയാണ് നാം തിരിച്ചറിയുന്നത്? സ്നേഹനിർഭരമായ പ്രവർത്തനങ്ങളിലൂടെയാണ്. പരിശുദ്ധന്മാർ, ദൈവസ്നേഹത്തെ തിരിച്ചറിഞ്ഞവരും, തങ്ങളുടെ ജീവിതംകൊണ്ട് സ്നേഹം പങ്കുവച്ചവരുമാകുന്നു. ദൈവസ്വഭാവത്തോടെ പങ്കുചേർന്ന് പരിശുദ്ധന്മാർന്ന ഒരു ജീവിതം നയിക്കുവാൻ പ. ദൈവമാതാവിന്റെ ജീവിതവും, മദ്ധ്യസ്ഥതയും, നമുക്ക് അഭയവും, കോട്ടയും, ആകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പ. ദൈവമാതാവിന്റെ നാമത്തിലുള്ള എറണാകുളം സെ. മേരീസ് കത്തീഡ്രലിൽ നിന്ന് ചിന്തോദ്ദീപകവും, അർത്ഥസമ്പുഷ്ടവും, മനോഹരവുമായ ഒരു പാരിഷ് ബുള്ളറ്റിൻ ഇറക്കുന്നതിൽ സന്തോഷിക്കുകയും, അതിന് അൽപമായോ, അധികമായോ സഹായിക്കുകയും, സഹകരിക്കുകയും ചെയ്യുന്നവരെ അഭിനന്ദിക്കുകയും ചെയ്യുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

## വികാരിയുടെ കത്ത്

# ദൈവത്തിനു മഹത്വം

**കർത്താവിൽ പ്രിയരേ,**

ദൈവകൃപയാൽ ഈ 2008-ന്റെ ആദ്യ ആറു മാസം നമ്മെ കർത്താവ് ജയോത്സവമായി നടത്തി ആപത്തിൽ നിന്നും അനർത്ഥങ്ങളിൽ നിന്നും മരണത്തിൽനിന്നും എല്ലാം നമ്മെ വിടുവിച്ച് ക്ഷേമത്തോടെ നടത്തിയ കർത്താവിനെ സ്തുതിക്കണം. എല്ലാ മിത്രങ്ങൾക്കും യേശുക്രിസ്തുവിന്റെ നിസ്തുല നാമത്തിൽ എന്റെ സ്നേഹ വന്ദനം.

നമ്മുടെ ദൈനംദിന ജീവിതത്തിൽ പല ആവശ്യങ്ങൾക്കായി മന്ത്രിമാരെയോ, ഡോക്ടറെയോ, എഞ്ചിനിയറെയോ, ഉദ്യോഗസ്ഥ മേധാവികളെയോ ദേശത്തിലെ ഉന്നതരെയോ ഒക്കെ കാണാൻ നാം ക്യൂ നിന്ന് സന്ദർശന സമയം ചോദിച്ച് കാത്തു നിന്നും കാണണം. വളരെ പ്രയാസമാണ് ഇവരെയെല്ലാം കാണാൻ നാം സമയവും, പണവും എല്ലാം ചെലവഴിക്കണം. എന്നാൽ ഈ ലോകത്തെ നിർമ്മിച്ചു പരിപാലിക്കുന്ന യേശു പറഞ്ഞു രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരുന്നവരുടെ മദ്ധ്യത്തിൽ ഞാൻ വരാമെന്ന്. അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ ഏവരുമേ നിങ്ങൾ എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും (മത്താ 11 : 28). നിങ്ങളെ കാണാൻ യേശുവിനു താൽപര്യമുണ്ട്, അവൻ ആശ്വസിപ്പിക്കുന്നവനാണ്. വരുവിൻ നമുക്ക് കർത്താവിന്റെ അടുക്കലേക്കു പോകാം. വി. യോഹന്നാന്റെ സുവിശേഷം 12-ാം അദ്ധ്യായം 21-ാം വാക്യത്തിൽ ചില യവനന്മാർ ഫിലിപ്പോസിനോടു പറയുന്നത് ഞങ്ങൾക്ക് യേശുവിനെ കാണാൻ താത്പര്യമുണ്ട് – എന്നു പറഞ്ഞു. പ്രിയ മിത്രമേ, നിന്നെ കാണാൻ യേശുവിനും താത്പര്യമുണ്ട്. നിന്നോടു സംസാരിക്കാൻ, നിന്നെ സ്വർഗ്ഗത്തിന് അവകാശിയാക്കാൻ യേശുവിന് ആഗ്രഹമുണ്ട്.

**ദൈവത്തെ കാണാൻ നാം എന്തു ചെയ്യണം.**

ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ. അവർ ദൈവത്തെ കാണും (മത്താ 5 : 8) ഹൃദയശുദ്ധിയുള്ള ഒരുവനു മാത്രമേ ദൈവത്തെ കാണാൻ കഴിയൂ. കർത്താവ് ഒരിക്കൽ ശാസ്ത്രിമാരോടു പറഞ്ഞു. മനുഷ്യനെ അശുദ്ധനാക്കുന്നതു ഭക്ഷണമല്ല. ഭക്ഷണം കഴിച്ചാൽ മറപ്പുരയിൽ പോകുന്നു. ഹൃദയം നിറഞ്ഞു കവിയുന്നതല്ലോ വായിലൂടെ പുറത്തുവരുന്നത്. മനുഷ്യനെ അശുദ്ധനാക്കുന്നത് ദുഃശ്ചിന്ത, വ്യഭിചാരം, മോഹം, വിടക്കു ചിന്ത ഇങ്ങനെ ആകാത്തതാണ് ഇങ്ങനെയുള്ളവർക്ക് ദൈവത്തെ കാണാൻ കഴിയില്ല. ഇന്ന് നാം പത്രദ്വാരാ കാണുകയും കേൾക്കുകയും ചെയ്യുന്ന വാർത്തകൾ സോദോംഗോമാറാവിൽ നടന്നതുപോലുള്ളതാണ്. കാലം അതിന്റെ അന്ത്യത്തിലേക്ക് വന്നുകൊണ്ടിരിക്കുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ വരവ് ആസന്നമായി എന്ന് ലക്ഷണങ്ങൾ കാണിക്കുന്നു. എബ്രായ ലേഖന കർത്താവ് പറയുന്നു. ശുദ്ധീകരണം കൂടാതെ ആർക്കും ദൈവത്തെ കാണാൻ കഴിയില്ല. (ഹീബ്രൂ 12 : 14) കുഞ്ഞാടിന്റെ രക്തത്തിൽ അഭയം പ്രാപിച്ച് തന്റെ പാപങ്ങളെ ഏറ്റുപറഞ്ഞ് പശ്ചാത്തപിച്ച് പാപക്ഷമ പ്രാപിച്ച് ദൈവമക്കൾ അവങ്കലേക്കു നോക്കിയാൽ പ്രകാശിക്കും. സങ്കീർത്തനക്കാരൻ പറയുന്നു അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി. അവരുടെ മുഖം ലജ്ജിച്ചു പോയതുമില്ല. (സങ്കീ 34 : 5)

കർത്താവ് പ്രകാശിക്കുന്നവൻ. I am the light of the world. 10,000 പേരിൽ അതിസുന്ദരൻ, (ഉത്ത 5 : 10) വെൺമയും ചുവപ്പുമുള്ളവൻ വെൺമ (ലില്ലി പുഷ്പം) വിശുദ്ധിയിലേക്ക്. ചുവപ്പ് ത്യാഗരക്തത്തേയും കാണിക്കുന്നു. (ശാരോനിലെ റോസാ പുഷ്പം)

സഖായി യേശുവിനെ കാണാൻ താൽപര്യപ്പെട്ടു യെരീഹോയുടെ വഴിയരികിൽ നിന്നു. കാട്ടത്തിയിൽ വലിഞ്ഞു കയറി (ലൂക്ക 19 : 4). അവന്റെ മുന്നിലെ തടസ്സങ്ങൾ എല്ലാം മാറി. സക്കായി യേശുവിനെ കാണുന്നതിനുമുമ്പ് യേശു സക്കായിയെ കണ്ടു. സക്കായിയേ വേഗം ഇറങ്ങി വാ. ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു. (ലൂക്ക 19:5). കാണാൻ ആഗ്രഹിച്ചവന്റെ വീട്ടിൽ താമസിക്കാൻ വരുന്ന കർത്താവ്. സക്കായിയുടെ ജീവിതത്തിൽ മാറ്റം. ഞാൻ നാലിരട്ടി മടക്കി കൊടുക്കാം. യഥാർത്ഥ മാനസാന്തരം, പൗലോസ് യേശുവിനെ അനുഗമിച്ചു വള്ളവും വലയും ഉപേക്ഷിച്ചു. തോമാശ്ലീഹയോട് യേശു സംസാരിച്ചു. തോമസ് പറഞ്ഞു എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ, പൗലൂസ് യേശുവിനെ അറിഞ്ഞപ്പോൾ പറയുന്നു ആകയാൽ ഞങ്ങൾ ഇന്നു മുതൽ ജഡപ്രകാരം ആരെയും അറിയുന്നില്ല. ക്രിസ്തുവിനെ ജഡപ്രകാരം അറിഞ്ഞു എങ്കിലും ഇനിമുതൽ അങ്ങനെ അറിയുന്നില്ല(2 കൊരി 5 : 16). ആകയാൽ യേശുക്രിസ്തുവിനെ നാം ആത്മാവിൽ അറിയണം. പുനരുദ്ധാന ശക്തിയായ യേശുവിനെ അറിയണം. യശയ്യാവ് ദർശനം കണ്ടു. (യെശ 6 : 1 – 8) അടിയനിതാ അടിയനെ അയക്കേണമേ. യേശുവിന് നമ്മേ ആവശ്യമുണ്ട്. നമുക്ക് അവന്റെ അടുക്കലേക്കു പോകാം. കർത്താവ് നമ്മേ അനുഗ്രഹിക്കും. ആശ്വസിപ്പിക്കും, സഹായിക്കും, സമാധാനം തരും. തുടർന്നുള്ള നാളുകളിൽ കർത്താവിന്റെ സമാധാനത്തിൽ നമുക്കു വസിക്കാം. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം. ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം. ആകയാൽ കപട ആത്മീയതയിൽ നിന്നും യഥാർത്ഥ ആത്മീയതയിലേക്ക് അടുക്കാം. തിരിച്ചറിയാം. അതിന് കർത്താവ് നമ്മെ സഹായിക്കട്ടെ. യേശുവിന് നമ്മെ കാണുവാൻ താൽപര്യമുണ്ട്. അവൻ മണവാളനായി വെളിപ്പെടും. മണവാട്ടിയായി നമുക്ക് ഒരുങ്ങാം.

*നിങ്ങളുടെ ഇടമ്പാടത്തച്ചൻ*

## ഇടവകാംഗങ്ങളോട്...

**കർത്താവിൽ പ്രിയരേ,**

നമ്മുടെ പള്ളിയുടെ കിഴക്കുവശത്ത് പള്ളിയോടു ചേർന്നു കിടക്കുന്ന 20- സെന്റ് സ്ഥലം പള്ളിക്കാര്യത്തിൽ നിന്ന് വാങ്ങിക്കുവാൻ ആലോചിക്കുന്നതായി അറിഞ്ഞിരിക്കുന്നു. എല്ലാവരുടേയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ടുള്ള ബഹുമാനപ്പെട്ട അച്ചന്മാരുടെ കത്തിൽനിന്ന് ഇടവകയുടെ വികസനപ്രവർത്തനത്തിന്റെ അടുത്ത ഘട്ടത്തിന്റെ പ്രാരംഭപ്രവർത്തനം ആധികാരികമായി നടന്നുകഴിഞ്ഞു എന്നറിയുവാൻ ഇടയായി. അതിൽ നിങ്ങളോടൊപ്പം ഞാനും അതിയായി സന്തോഷിക്കുന്നു. നമ്മുടെ പള്ളി ആരംഭിച്ചിട്ട് ഈ ഒക്ടോബർ മാസത്തിൽ 82 വർഷം തികയും. ആദ്യ കാലഘട്ടങ്ങളിലെ ബാലാരിഷ്ടത തീർന്നപ്പോൾ പട്ടണത്തിലും പരിസരത്തുമായി ചിതറി പാർക്കുന്ന സഭാമക്കളുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റപ്പെടാൻ പല ഭാഗങ്ങളിലും ദേവാലയങ്ങൾ അത്യാവശ്യമാണെന്ന ചിന്തയോടെ പ്രവർത്തിച്ചു. ഇന്നു കാണുന്ന മറ്റു ദേവാലയങ്ങളുടെ ആരംഭത്തിനും നിർമ്മിതിക്കും വളർച്ചയ്ക്കും പിന്നിൽ മാതൃ ഇടവകയുടെ ദീർഘവീക്ഷണത്തോടുകൂടിയ പ്രവർത്തനം ഒന്നു മാത്രമാണെന്ന് ഏവരും സമ്മതിക്കും. സഭയുടെ ഉയർച്ചയ്ക്കും വളർച്ചയ്ക്കും വേണ്ടി ദൈവം നമ്മെ ഉപകരണമാക്കി എന്നതിൽ നമുക്ക് അഭിമാനിക്കാം. സ്വന്തം കാര്യങ്ങൾ മാറ്റിവച്ച് ഈദൃശ്യകാര്യങ്ങൾക്കായി പ്രവർത്തിച്ച ഇടവക അതിന്റെതായ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്ത സാഹചര്യത്തിൽ പ. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയാലും ഏതാനും ഇടവകാംഗങ്ങളുടെ ആത്മാർത്ഥമായ പരിശ്രമത്താലും ദൈവം കരുണചെയ്ത് ഇപ്പോൾ പള്ളിയുടെ വികസനപ്രവർത്തനങ്ങൾക്ക് ഇപ്പോൾ കളമൊരുക്കിയിരിക്കുകയാണ്. ഈ അവസരം തക്കത്തിൽ വിനിയോഗിച്ച് ഫലപ്രാപ്തിയിലെത്തിക്കാൻ നമുക്കേവർക്കും ആത്മാർത്ഥമായി ഒരുമയോടെ പ്രവർത്തിക്കാം.

വാഹനങ്ങൾ പാർക്കു ചെയ്യാനുള്ള ബുദ്ധിമുട്ട്, ആരാധനയിൽ സംബന്ധിക്കാൻ വരുന്ന മുഴുവൻ പേരെയും ഉൾക്കൊള്ളാനുള്ള സ്ഥലപരിമിതി, ഒരു ഹാളിന്റെ അത്യാവശ്യം തുടങ്ങിയ പലതും ത്വരിതഗതിയിൽ പരിഹരിക്കപ്പെടേണ്ടതുണ്ട്. ഈ കാര്യങ്ങളെല്ലാം ലക്ഷ്യം വച്ചുകൊണ്ട് പള്ളിക്കാര്യത്തിൽ നിന്ന് ബന്ധപ്പെട്ടവർ ശ്രമിക്കുമ്പോൾ, പ്രാർത്ഥനയാലും, സാമ്പത്തികമായും നല്ല സഹകരണത്താലും, കൂട്ടായ പ്രവർത്തനത്താലും, "ഐകമത്യം മഹാബലം", "ഒത്തുപിടിച്ചാൽ മലയും പോരും" എന്ന ആപ്തവാക്യങ്ങൾ മനസ്സിലോർത്ത് നമുക്കേവർക്കും സഹകരിച്ചു പ്രവർത്തിക്കാം.

20.6.2008

ഒ.വി. ഏലിയാസ് അച്ചൻ,
*ഇടവകാംഗം (മുൻ വികാരി)*

ധ്യാന നിമിഷങ്ങൾ

# നിശബ്ദതയിൽ ദൈവ ശബ്ദം

(ഫാദർ റ്റി. ജെ. ജോഷ്വ)

ഭ്രാന്തുപിടിപ്പിക്കുന്ന ശബ്ദകോലാഹലത്തിന്റെ നടുവിൽ ജീവിക്കുവാൻ വിധിക്കപ്പെട്ട ദുർഭാഗ്യരാണു നാം. ഇരമ്പിപ്പായുന്ന വാഹനവ്യൂഹത്തിൽ നിന്നുയരുന്ന ഉച്ചഭാഷിണികളുടെയും ശബ്ദബാഹുല്യം, ഇവയെല്ലാം കൂടി നമ്മുടെ മനസ്സിനു പിരിമുറുക്കം വരുത്തുന്നു. നമ്മുടെ ശ്രവണേന്ദ്രിയത്തെ മാത്രമല്ല, ഹൃദയത്തിന്റെ പ്രവർത്തനങ്ങളെയും സാരമായി ബാധിക്കുന്നു. ഏതാണ്ട് എൺപതു വർഷങ്ങൾക്കു മുമ്പു തന്നെ ശബ്ദമലിനീകരണത്തിന്റെ മാരകമായ ഭവിഷ്യത്തിനെപ്പറ്റി ശാസ്ത്രജ്ഞന്മാർ മുന്നറിയിപ്പു നൽകിയിരുന്നതാണ്. ഇന്ന് അതിനെക്കാൾ എത്രയോ ഭീകരമായ അവസ്ഥയിൽ നാം എത്തിയിരിക്കുന്നു.

ഈ സാഹചര്യത്തിൽ നമുക്ക് ഏറ്റവും ആവശ്യമുള്ള ഒന്ന് നിശബ്ദതയാണ്. അതു നമ്മുടെ ശരീരത്തിനും, മനസ്സിനും, ആത്മാവിനും ഒന്നുപോലെ ആവശ്യമാണ്. പക്ഷേ, അത് എങ്ങനെ ലഭ്യമാക്കാം. ബാഹ്യമായ ശബ്ദപ്രളയത്തെ നമുക്കു നിയന്ത്രിക്കാവുന്നതല്ല. എന്നാൽ ആന്തരികമായ നിശ്ശബ്ദതയും പ്രശാന്തിയും കൈവരുത്തുവാൻ നമുക്കു സാധിക്കുന്നതാണ്. സാധിക്കേണ്ടതാണ്. അതിനായി നാം ശ്രദ്ധിച്ചേ മതിയാകൂ. വാഹനബാഹുല്യവും ആൾത്തിരക്കുമുള്ള നഗരമദ്ധ്യത്തിൽ തന്നെ ടെലഫോൺബൂത്തുകൾ നോക്കുക. അതിനുള്ളിൽ കയറി കതകടച്ചുകഴിഞ്ഞാൽ ബാഹ്യമായ ശബ്ദമോ ഒച്ചപ്പാടുകളോ ഒന്നും നമ്മെ ബാധിക്കുന്നില്ല. ഹൃദയം തുറന്നു നമുക്കു സംസാരിക്കാം. നമ്മുടെ വിചാര വികാരങ്ങൾ നമുക്കു പങ്കുവയ്ക്കാം. അപരന്റെ സന്ദേശം നന്നായി കേൾക്കുകയും ചെയ്യാം.

ഏതാണ്ട് ഇതേവിധത്തിൽ ശബ്ദമുഖരിതമായ സാഹചര്യത്തിൽ ആന്തരികനിശ്ശബ്ദത കണ്ടെത്തുവാൻ നമുക്കു സാധിക്കണം. അപ്പോൾ ദൈവശബ്ദം ശ്രവിക്കുവാൻ നമുക്കു കഴിയും. ഈ നിശ്ശബ്ദതയ്ക്കുവേണ്ടിയാണ് താപസർ കാനനത്തിലേക്കും, മണലാരണ്യത്തിലേക്കും പ്രയാണം ചെയ്തതും; ചെയ്യുന്നതും. മാർക്കസ് ഔറേലിയോസ് എന്ന റോമാക്കാരൻ എഴുതി: പലരും സ്വൈരസങ്കേതങ്ങളിലേക്കു പിൻവാങ്ങുന്നു. ചിലർ നാട്ടിൻപുറങ്ങളിലെ വിശ്രമമന്ദിരങ്ങളിലേക്കും മറ്റു ചിലർ സാഗരതീരത്തേക്കും മലമുകളിലേക്കും മറ്റും. പക്ഷേ അതിന്റെ ആവശ്യം ഒട്ടുമില്ല. കാരണം, നിങ്ങൾക്കു സ്വയം എപ്പോൾവേണമെങ്കിലും നിങ്ങളിലേക്കു തന്നെ വിരമിക്കാം. അതിനെക്കാൾ ശാന്തമായ മറ്റൊരു സ്ഥലവുമില്ല.

ആന്തരിക നിശ്ശബ്ദത കൈവരുത്തുക എന്നതു താപസന്മാരും സന്യാസികളും മാത്രം അനുഭവിക്കേണ്ട കാര്യമല്ല. സാധാരണക്കാരായ നമുക്കെല്ലാം ആവശ്യമുള്ളതാണ്. ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് ആയത് അനുപേക്ഷണീയവുമാണ്. പതിനാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന നിക്കൊളാസ് എന്ന ആത്മായക്കാരൻ എഴുതി: ഓരോരുത്തനും അവനവന്റെ തൊഴിൽ തന്നെ തുടർന്നുകൊണ്ട് ആന്തരിക നിശ്ശബ്ദതയ്ക്കായി ശ്രമിക്കണം. കർഷകൻ കാർഷികവൃത്തി ചെയ്യട്ടെ. ശില്പികൾ അവരുടെ കലയിലും തുടരട്ടെ. അവർ മരുഭൂമിയിലേക്കു പിൻവാങ്ങേണ്ടതില്ല; പരുക്കൻ ഭക്ഷണം സ്വീകരിക്കണമെന്നില്ല. വേഷത്തിൽ മാറ്റം വരുത്തേണ്ടതില്ല. ആരോഗ്യത്തെ നശിപ്പിക്കണമെന്നില്ല. കാരണം ഒരുവന്റെ വസ്തുവകകൾ ഉപേക്ഷിക്കാതെ സ്വന്തഭവനത്തിൽ തന്നെ പാർത്തുകൊണ്ട് ഈശ്വരധ്യാനം പരിശീലിക്കാം.

യേശുക്രിസ്തു കല്പിച്ചു: നീ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് വാതിൽ അടച്ച് രഹസ്യത്തിൽ കാണുന്ന പിതാവിനോട് പ്രാർത്ഥിക്കുക. ഒരു ആത്മീയപിതാവ് ഇതെപ്പറ്റി പറയുന്നത്, ആത്മാവിന്റെ അറ നമ്മുടെ ശരീരമാണ്; അതിന്റെ വാതിലുകൾ നമ്മുടെ പഞ്ചേന്ദ്രിയങ്ങളും. ആത്മാവ് അറയിലേക്കു കടക്കുമ്പോൾ മനസ്സ് ഐഹിക വിഷയങ്ങളിലും, വസ്തുതകളിലും വ്യാപരിക്കുവാൻ അനുവദിക്കരുത്. നമ്മുടെ ഹൃദയത്തിൽത്തന്നെ കേന്ദ്രീകരിക്കുക. ബാഹ്യമായ എല്ലാ കാഴ്ചകളിൽ നിന്നും വിഷയങ്ങളിൽ നിന്നും നമ്മുടെ മനസ്സ് മുക്തമാകുമ്പോൾ ദൈവവുമായുള്ള മധുരഭാഷണം സാധ്യമാകും.

# വികസനഫണ്ട് പിരിവ്

വർഷങ്ങൾക്കു മുമ്പ് നടന്ന ഒരു സംഭവകഥ. അമേരിക്കയിൽ വളരെ പ്രസിദ്ധനായിരുന്ന ഡി. എൽ. മൂഡി എന്ന സുവിശേഷകൻ പെട്ടെന്നുണ്ടായ 3000 ഡോളറിന്റെ ആവശ്യത്തിന് ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ട് ഉറങ്ങാൻ കിടന്നു. നേരം വെളുത്തപ്പോൾ സമീപ പട്ടണത്തിൽ നിന്ന് ഒരു സ്ത്രീ അദ്ദേഹത്തെ കാണാൻ വന്നു. അവർ 3000 ഡോളറിന്റെ ഒരു ചെക്കുമായിട്ടാണ് സുവിശേഷകനെ കാണാൻ വന്നത്. അദ്ദേഹം ദൈവത്തെ സ്തുതിച്ചുകൊണ്ട് അവരോട് വിശേഷങ്ങൾ ആരാഞ്ഞു. അപ്പോൾ കിട്ടിയ ഉത്തരം ഡി. എൽ. മൂഡിയെ അമ്പരപ്പിച്ചു. അവർ പറഞ്ഞു. കുറച്ചുനാളുകളായി ഞാൻ 1000 ഡോളർ സുവിശേഷ ചെലവിനായി ഡി. എൽ മൂഡിയെ ഏൽപ്പിക്കണമെന്നു വിചാരിച്ചിരുന്നു. അതിനുള്ള സമയം ഇപ്പോഴാണ്. ഇന്നലെ രാത്രി1000 ഡോളർ ചെക്കെഴുതുവാൻ തുടങ്ങിയപ്പോൾ എനിക്കു തോന്നി 2000 ഡോളർ എഴുതാമെന്ന്. ഞാൻ അങ്ങനെ ചെക്കെഴുതി വച്ച് ഉറങ്ങാൻ കിടന്നു. രാവിലെ അതു കൊണ്ടുവരാൻ എടുത്തപ്പോൾ എനിക്കു തോന്നി അതുപോര, 3000 ഡോളർ എങ്കിലും തരണമെന്ന്. ഞാൻ എഴുതിയ ചെക്കു കീറിക്കളഞ്ഞ് 3000 ഡോളർ എഴുതിക്കൊണ്ടുവരികയാണ് ചെയ്തത്.

ഞങ്ങൾ ഫണ്ടുപിരിവിനായി സമീപിച്ച നമ്മുടെ ഇടവകയിലെ അംഗം പിറ്റേദിവസം നല്ല സംഖ്യയുടെ ഒരു ചെക്കു തരികയും താഴെപ്പറയുന്ന സംഭവം വിവരിക്കുകയും ചെയ്തു. പള്ളിയുടെ വികസന ഫണ്ടിനായി തരാൻ നിശ്ചയിച്ച തുകയുടെ ചെക്കെഴുതിവച്ചു. എന്നാൽ അതുകഴിഞ്ഞയുടനെ ഒരു പ്രത്യേക സംഭവമുണ്ടായി. ഒരു കണ്ണിനു കാഴ്ചക്കുറവിനു ചികിത്സയിലായിരുന്നതുകൊണ്ട് ആ കണ്ണ് ലൈറ്റടിക്കാതെ കറുത്തകണ്ണടകൊണ്ട് മറച്ചിരിക്കയായിരുന്നു. ചെക്കെഴുതിക്കഴിഞ്ഞ് കണ്ണട മാറ്റി നോക്കിയപ്പോൾ കണ്ണിന്റെ അസുഖം തീർത്തും മാറിയതായി കണ്ടു. പെട്ടെന്നുണ്ടായ ഈ അതിശയം മാതാവിന്റെ കരുണയാണെന്നു മനസ്സിലായി. എഴുതിവച്ചിരുന്ന ചെക്ക് ഞാൻ കീറി കളഞ്ഞിട്ട് അതിന്റെ ഇരട്ടി തുകയ്ക്ക് മറ്റൊന്നെഴുതിയാണ് കൊണ്ടുവന്നിരിക്കുന്നത്. പലർക്കും ദൈവം നല്ല കാര്യങ്ങൾക്കു പ്രതിഫലം തരുന്നത് പല വിധത്തിലാണ്. ചിലർക്കു പെട്ടെന്നും ചിലർക്കും സാവധാനവും. എന്തായാലും നല്ല കാര്യങ്ങൾ ദൈവം കാണാതിരിക്കയില്ല.

# വെബ്സൈറ്റ് ഉദ്ഘാടനം




സെ. മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ വെബ്സൈറ്റ് ഉദ്ഘാടനം ജൂൺ 1-ാം തീയതി ഞായറാഴ്ച രണ്ടാമത്തെ വിശുദ്ധ കുർബ്ബാനയ്ക്കു ശേഷം ഫാ. എം. ജി. ഏബ്രഹാം കോർ എപ്പിസ്കോപ്പയുടെ സാന്നിദ്ധ്യത്തിൽ പള്ളിയിൽ വച്ചു നടന്നു. ഇതിൽ സംബന്ധിച്ച എല്ലാവർക്കും പ്രത്യേകം നന്ദിപറയുകയും, ഇങ്ങനെയൊരു വെബ്സൈറ്റ് വളരെ ആധുനികസങ്കേതങ്ങൾ ഉപയോഗിച്ച് സംവിധാനം ചെയ്യുകയും, അത് ഹോസ്റ്റ്ചെയ്യുകയും ചെയ്യുന്ന റബിക്കും, സിജിക്കും (ന്യൂസിലാൻഡ്) സെ.മേരീസ് ഇടവകയുടെ അഭിനന്ദനങ്ങൾ.

## കുടുംബ വിശേഷങ്ങൾ

# മരുന്നു നൽകി



നമ്മുടെ പള്ളിയുടെ ജീവകാരുണ്യ ഫണ്ടിൽ നിന്നും എറണാകുളം ജനറൽ ആശുപത്രിയിലെ കാൻസർ വാർഡിലേക്ക് പ്രതിമാസം നൽകുന്ന 10,000 രൂപയുടെമരുന്ന് ജൂൺമാസം 21-ാം തീയതി വൈകിട്ട് 4 മണിക്ക് ആശുപത്രിയുടെ കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ബഹു. കൊച്ചി മേയർ പ്രൊഫ. മേഴ്സി വില്യംസ് ആശുപത്രി ആർ. എം. ഒ. ഡോ. ജുനൈദ് റഹ്മാനെ ഏൽപ്പിച്ചു.

എല്ലാ മാസവും രണ്ടാംശനിയാഴ്ച വൈകിട്ടു നടക്കുന്ന ചടങ്ങിൽ മരുന്നു നൽകാനാണ് ഉദ്ദേശിക്കുന്നത്. കഴിയുന്നിടത്തോളം ആളുകൾ പ്രസ്തുത ചടങ്ങിൽ പങ്കെടുക്കണമെന്ന് താൽപര്യപ്പെടുന്നു. നിങ്ങളുടെ കുടുംബാംഗങ്ങളുടെ ഓർമ്മ ദിനത്തിനോ, ജന്മദിനത്തിനോ, വിവാഹ വാർഷികത്തിനോ പ്രസ്തുത പരിപാടിയിലേക്ക് സംഭാവന നൽകുവാനുള്ള സന്മനസ് കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# സണ്ടേ സ്കൂൾ

ഈ പള്ളിയുടെ കീഴിൽ മൂന്ന് സണ്ടേ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. ഞായറാഴ്ച ആദ്യത്തെ വി. കുർബ്ബാനയ്ക്കുശേഷം 8.30 മുതൽ 10 വരെ എളംകുളം സണ്ടേസ്കൂളും, രണ്ടാമത്തെ വി. കുർബ്ബാനയ്ക്കുശേഷം 10.30 മുതൽ 12.00 വരെ ചർച്ച് സണ്ടേ സ്കൂളും കത്തീഡ്രൽ പള്ളിയിൽ നടത്തപ്പെടുന്നു. ഞായറാഴ്ച കാലത്ത് 11.30 മുതൽ 1 മണിവരെ ദീപം സണ്ടേ സ്കൂൾ ശ്രീ. പി. എം. കാങ്ങുവിന്റെ വസതിയിൽ നടത്തപ്പെടുന്നു. സണ്ടേ സ്കൂളിലേക്ക് കുട്ടികളെ പറഞ്ഞയക്കുന്ന കാര്യത്തിൽ മാതാപിതാക്കൾ താല്പര്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# MGOCSM

എല്ലാ ശനിയാഴ്ചയും വൈകിട്ട് 3.30ന് പള്ളിയിൽ വച്ച് നടത്തപ്പെടുന്നു. ഹൈസ്കൂൾ തലം മുതലുള്ള എല്ലാ വിദ്യാർത്ഥികളും MGOCSM ൽ അംഗങ്ങളായി, പ്രവർത്തനങ്ങളിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## വിശേഷദിവസങ്ങൾ

**ജൂലൈ**

12 ശനി : പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്ന്യാസ്യോസ് അഞ്ചാമന്റെ ഓർമ്മ (കോട്ടയം പഴയ സെമിനാരി)

15 ചൊവ്വ : മാർ കുര്യാക്കോസ് സഹദായുടെയും അമ്മ യൂലിത്തീയുടെയും ഓർമ്മ

**ഓഗസ്റ്റ്**

1 വെള്ളി : പതിനഞ്ചു നോമ്പാരംഭം



എം.ജി. സർവ്വകലാശാല B.A.(ഫ്രഞ്ച്) പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ മരിയൻ റേച്ചൽ കുര്യൻ. തേവര പുത്തൻ പുരയ്ക്കൽ ശ്രീ പി.കെ. കുര്യന്റെയും ശ്രീമതി. ലീലാ കുര്യന്റെയും പൗത്രിയും, തേവര വെസ്റ്റ് വാട്ടേഴ്സിൽ ശ്രീ. അപ്പു കുര്യന്റെയും ശ്രീമതി ആനന്ദ് കുര്യന്റെയും പുത്രിയുമാണ് 93 ശതമാനം മാർക്ക് വാങ്ങി പ്രശസ്ത വിജയം നേടിയ നമ്മുടെ ഈ ഇടവകാംഗം.



കേരള മെഡിക്കൽ പ്രവേശനപരീക്ഷയിൽ ഉന്നത വിജയം നേടിയ **വിദ്യ കെ. സക്കറിയ**, കലൂർ അത്തിപ്പറമ്പിൽ ലെയിൻ മേലേക്കാട്ട് എം. എസ്. സക്കറിയയുടെയും, കുഞ്ഞുമോൾ സക്കറിയയുടെയും പുത്രിയാണ്.



കേരള എഞ്ചിനീയറിങ് പ്രവേശനപരീക്ഷയിൽ മികച്ച വിജയം നേടിയ **സനിൽ സി. സണ്ണി**, പോളക്രോസ് റോഡിൽ ചെറുവത്തൂർ സി. കെ. സണ്ണിയുടെയും സുനിത സണ്ണിയുടെയും പുത്രനാണ്.



കേരള എഞ്ചിനീയറിങ് പ്രവേശനപരീക്ഷയിൽ മികച്ച വിജയം നേടിയ **സ്വേത അജിത് മാത്യു**, വീക്ഷണം റോഡ്, കട്ടപ്പുറത്ത് പുള്ളിപ്പടവിൽ അജിത് മാത്യുവിന്റെയും, സൂസൻ അജിത്തിന്റെയും മകളാണ്.



സി. ബി. എസ്. ഇ. പത്താം ക്ലാസ് പരീക്ഷയിൽ മികച്ച വിജയം നേടിയ **അനു പി. ജേക്കബ്**, സെ. ബനഡിക്ട് റോഡിൽ പനക്കൽ വീട്ടിൽ ജേക്കബ് പനക്കലിന്റെയും, മറീന ജേക്കബിന്റെയും പുത്രിയാണ്.

## മാമോദീസ

1. കടവന്ത്ര മണ്ണിൽ സച്ചിൻ ഡാനിയലിന്റെയും, സവിത സച്ചിന്റെയും മകൻ ഡാനിയേലിന്റെ മാമോദീസ 1-6-08ൽ കത്തീഡ്രലിൽ നടന്നു.
2. വൈറ്റില ചീരൻ വീട്ടിൽ സിബിയുടെയും റൂബി മാത്യുവിന്റെയും മകൻ മാത്യുവിന്റെ മാമോദീസ 1-6-08ൽ കത്തീഡ്രലിൽ നടന്നു.
3. കലൂർ കുമാരനാശാൻ റോഡ് വലിയവീട്ടിൽ അഖിലിന്റെയും പ്രതിഷയുടെയും മകൻ അതിശ് അലക്സിന്റെ മാമോദീസ 15-6-08ൽ കത്തീഡ്രലിൽ നടന്നു.
4. എറണാകുളം പൂപ്പാനയിൽ ചെറിയാന്റെയും ലിൻസിയുടെയും മകൻ പൗലൂസിന്റെ മാമോദീസ 22-6-08ൽ കത്തീഡ്രലിൽ നടന്നു.

*ഈ പൈതങ്ങൾ ദൈവകൃപയിൽ വളരട്ടെ!*

## നിര്യാതരായി



1. എറണാകുളം മാർക്കറ്റ് റോഡ് പുലിക്കോട്ടിൽ പി.വി. കൊച്ചുണ്ണി (70) 16.6.08 ൽ നിര്യാതനായി. ശവസംസ്കാരം ചിറ്റൂർ സെമിത്തേരിയിൽ നടത്തി.
2. എറണാകുളം ചെമ്പുമുക്ക് മേലേതിൽ പ്രൊ. എം. എം. ചെറിയാൻ (80) 2.6.08 ൽ നിര്യാതനായി. ശവസംസ്കാരം ഇളംകുളം സെമിത്തേരിയിൽ നടത്തി.
3. എറണാകുളം പ്രൊവിഡൻസ് ഗ്രോവ് കരിയാത്ത് ജോൺ കര്യൻ(85) 8.6.08 ൽ നിര്യാതനായി. ശവസംസ്കാരം ചിറ്റൂർ സെമിത്തേരിയിൽ നടത്തി.

*കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുന്നു.*

## ഒരഭ്യർത്ഥന

നിങ്ങളുടെ കുടുംബാംഗങ്ങളുടെ ഓർമ്മ ദിനത്തിലോ, വിവാഹ വാർഷികത്തിലോ, ജന്മദിനത്തിലോ പാരിഷ് ന്യൂസിൽ ഫോട്ടോ പ്രസിദ്ധീകരിക്കുവാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇതിൽ നിന്നു കിട്ടുന്ന തുക ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതാണ്

Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Cathedral, Ernakulam. Phone : 0484-2352490, 2365827**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***